പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 242</u>    <u>23.01.2018 ൽ മറുപടിക്ക്</u>

## അപകടങ്ങൾ കുറയ്ക്കുന്നതിന്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. അബ്ദുറഹിമാൻ :** | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വർദ്ധിച്ചു വരുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് ട്രാഫിക് പോലീസിനെയും മോട്ടോർ വാഹന വകുപ്പിനെയും സംയോജിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) പോലീസ് വകുപ്പ് മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് ട്രാഫിക് എൻഫോഴ്സ്മെന്റ് കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. |
| (ബി) മോട്ടോർ വാഹന വകുപ്പും ട്രാഫിക് പോലീസും സംയുക്തമായ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ടോ; | (ബി) ഇല്ല. |
| (സി) വാഹനത്തട്ടിപ്പുകളും അപകടങ്ങളും കുറയ്ക്കുന്നതിന് | (സി) റോഡ് സുരക്ഷയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി 10 ഹൈവേ പട്രോൾ വെഹിക്കിൾസ് |

| | |
|---|---|
| ട്രാഫിക് പോലീസിന്റെ ഭാഗത്തുനിന്നും പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | വാങ്ങുന്നതിലേയ്ക്കായി 130 ലക്ഷം രൂപയും ട്രാഫിക് എമർജൻസി വാഹനങ്ങൾക്കായി 175 ലക്ഷം രൂപയും പ്രധാന നഗരങ്ങളിലെ പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് സർവേലൻസ് ക്യാമറകൾ ഘടിപ്പിക്കുന്നതിലേയ്ക്കായി 1960 ലക്ഷം രൂപയും അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിൽ എത്തിക്കുന്നതിലേയ്ക്കായി 20 ലക്ഷവും ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 215 ലക്ഷവും കേരള റോഡ് സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ട്രാഫിക് ഗെയ്മിംഗ് ആപ്ലിക്കേഷൻ നിലവിൽ വന്നിട്ടുണ്ട്. കൂടാതെ സ്പീഡ് റഡാറുകൾ, ട്രാഫിക് കോൺസ്, ട്രാഫിക് ബാറ്റൻ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറ, ന്യൂസ് ബസ് തുടങ്ങിയവയും പരിഗണനയിലാണ്. |

[signature]

സെക്ഷൻ ഓഫീസർ